**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1969** **03-03-2025 - ൽ മറുപടിയ്ക്ക്**

**വർക്കല ശിവഗിരി മഠത്തിലെ 'നമുക്ക് ജാതിയില്ല' വിളംബര സ്മാരക മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വർക്കല ശിവഗിരി മഠത്തിലെ 'നമുക്ക് ജാതിയില്ല' വിളംബര സ്മാരക മ്യൂസിയത്തിന്റെയും ശിവഗിരി തീർത്ഥാടന ഓഡിറ്റോറിയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളിൽ നേരിടുന്ന സാങ്കേതിക തടസ്സം നീക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ; | (എ) | **ഓഡിറ്റോറിയം ഉൾപ്പെടുന്ന കെട്ടിടത്തിനു REGULARIZED PERMIT ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള WPC-17354/24 നമ്പർ കേസിന്റെ അന്തിമ വിധിക്ക് വിധേയമായിട്ടായിരിക്കും എന്ന നിബന്ധനയോടുകൂടി അനുവദിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്; ആയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | **മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06.12.2021 ൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>• **ഇൻലാന്റ് നാവിഗേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഇൻലാന്റ് നാവിഗേഷൻ ചീഫ് എഞ്ചിനീയർ വർക്കല, മുനിസിപ്പാലിറ്റി സെക്രട്ടറി എന്നിവരുടെ യോഗം സംഘടിപ്പിക്കണം.**<br>• **ശിവഗിരിയിലെ തീർത്ഥാടന പന്തൽ നിർമ്മാണം അന്ന ക്ഷേത്രം നിർമ്മാണം എന്നിവയ്ക്കുള്ള അനുമതി ലഭ്യമാക്കൽ ത്വരിതപ്പെടുത്തണം.**<br><br>**ഇതിനെത്തുടർന്ന് 08/04/2022- ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിരുന്നു. തുടർന്ന് മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03.10.2023 ലും യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ശതാബ്ദി സ്മാരക മ്യൂസിയത്തിന്റെ നിർമ്മാണത്തിന് നിബന്ധനകളോട് കൂടി നിരാക്ഷേപപത്രം നല്കിയിട്ടുണ്ട്.**<br><br>**ഓഡിറ്റോറിയം നിർമ്മാണത്തിനായി അപാകതകൾ പരിഹരിച്ചു 2/11/2024 ൽ വർക്കല മുനിസിപ്പാലിറ്റിക്കു** |

| | | | |
|---|---|---|---|
| | | | **സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ഓഡിറ്റോറിയം ഉൾപ്പെടുന്ന കെട്ടിടത്തിനു REGULARIZED PERMIT ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള WPC-17354/24 നമ്പർ കേസിന്മേൽ പുറപ്പെടുവിക്കുന്ന അന്തിമ വിധിക്ക് വിധേയമായിട്ടായിരിക്കും എന്ന നിബന്ധനയോടുകൂടി 11/11/2024- ൽ അനുവദിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ